തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ) -ടെ നടപടിക്രമം

(ഹാജർ : Apurva Tripathi IAS)

വിഷയം: തസ്വഭവ - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ജീവനക്കാര്യം - സംസ്ഥാനതല മിന്നൽ പരിശോധനയുടെ ഭാഗമായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ എടക്കാട് സോണൽ ഓഫീസിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾക്ക് ഉത്തരവാദിയായി കണ്ടെത്തിയ ഓവർസീയർ ശ്രീമതി. മേഘാ തിലക് (പെൻ.764747) എന്നവരെ കണ്ണൂർ ജില്ലയ്ക്ക് പുറത്ത് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം:
1) 11/10/2022 ലെ നം.EWA2/60/2022-LSGD സർക്കാർ കത്ത്.
2) 13.11.2025 ലെ നം.LSGD/PD/27254/2024-VIGE3 അനൌദ്യോഗിക കുറിപ്പ്.
3) തസ്വഭവ റൂറൽ ഡയറക്ടറുടെ 24.03.2025 ലെ നം.LSGD/PD/1876/2023-DEE1 നടപടിക്രമം.

ഉത്തരവ് നമ്പർ .LSGD/PD/3791/2023-DEE1 തീയതി:12-01-2026

സംസ്ഥാനതല മിന്നൽ പരിശോധനയുടെ ഭാഗമായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ എടക്കാട് സോണൽ ഓഫീസിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾക്ക് ഉത്തരവാദിയായി കണ്ടെത്തിയ ഓവർസീയർ ശ്രീമതി. മേഘാ തിലക് (പെൻ.764747) എന്നവരെ കണ്ണൂർ ജില്ലയ്ക്ക് പുറത്ത് സ്ഥലംമാറ്റി നിയമിക്കുന്നത് പരാമർശം (1) പ്രകാരം സർക്കാർ നിർദേശം ലഭിച്ചിട്ടുണ്ടെന്നും, ആയതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കുന്നതിന് താൽപര്യപ്പെട്ട് പരാമർശം (2) പ്രകാരം കുറിപ്പ് നൽകിയിട്ടുണ്ട്.

മേൽസാഹചര്യത്തിൽ പരാമർശം (3) പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച് നിലവിൽ കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റിയിൽ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. മേഘാ തിലക് (പെൻ.764747) എന്നവരെ കോഴിക്കോട് ജില്ലയിൽ മേലടി ബ്ലോക്ക് പഞ്ചായത്തിൽ നിലവിൽ ഒഴിവുള്ള ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിലേക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

ബന്ധപ്പെട്ട നിയന്ത്രണാധികാരി ഈ ഉത്തരവ് ഉടനടി പ്രാബല്യത്തിൽ വരുത്തേണ്ടതും, ടിയാളുടെ വിടുതൽ, പ്രവേശനം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഈ കാര്യാലയത്തെയും ബന്ധപ്പെട്ട മറ്റ ഓഫീസുകളെയും യഥാസമയം അറിയിക്കേണ്ടതുമാണ്. വിടുതൽ, സേവനത്തിൽ പ്രവേശിക്കൽ എന്നീ നടപടികൾ അതത് ഓഫീസ് മേധാവിമാർ ജനറൽ ട്രാൻസ്ഫർ വെബ്സൈറ്റ് മുഖാന്തിരം

ഓൺലൈനായി മാത്രമേ നടപ്പിലാക്കാൻ പാടുള്ളൂ.

ഈ ഉത്തരവ് അടിയന്തരമായി നടപ്പിൽ വരുത്തുന്നു എന്ന് ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതും, ഉത്തരവ് നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്ന നിയന്ത്രണാധികാരിയുടെ വിവരം യഥാസമയം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

Apurva Tripathi IAS
DIRECTOR (RURAL)

ബന്ധപ്പെട്ട ജീവനക്കാരിക്ക് (നിയന്ത്രണാധികാരി മുഖാന്തിരം).

പകർപ്പ് :
1. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കണ്ണൂർ / കോഴിക്കോട്.
2. അതത് ഓഫീസ് മേധാവിമാർക്ക് (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം).
3. സൂപ്രണ്ട്, VIG E സെക്ഷൻ.
4. സൂപ്രണ്ട്, DED സെക്ഷൻ.
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

Signed by
Apurva Tripathi
Date: 12-01-2026 09:59:41